LIBRARY ARCHIVES Kerala Legislative Assembly

കൊട്ടാരക്കരയിലെ സർക്കാർ സ്കൂളുകളിലെ ഒഴിവുള്ള തസ്തികകൾ

97 (3833) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വിവിധ സർക്കാർ ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഹൈസ്കൂൾ, അപ്പർപ്രൈമറി സ്കൂൾ, ലോവർ പ്രൈമറി സ്കൂൾ എന്നിവയിൽ നിലവിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച നൽകുന്നതാണ്.

വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികൾ

98 (3835) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടുന്ന മുഴുവൻ കുട്ടികൾക്കും വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) 2015-ലെ ആറാം പ്രവൃത്തി ദിനത്തിലെ കണക്ക് പ്രകാരം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികൾ എത്ര ; ജില്ലാടിസ്ഥാനത്തിൽ സർക്കാർ/എയ്ഡഡ് മേഖല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) മുൻവർഷങ്ങളെ അപേക്ഷിച്ച് സർക്കാർ/എയ്ഡഡ് മേഖലയിൽ സ്കൂൾ വിദ്യാഭ്യാസം തേടിയെത്തുന്നവരുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ കുട്ടികൾക്ക് മാത്രമായി പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടില്ല. എന്നാൽ എല്ലാവർക്കും വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആർ.എം.എസ്.എ.-യുടെ കീഴിൽ നിശ്ചിത ദൂരപരിധിയിൽ സ്കൂളുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയും വളരെ ഉൾപ്രദേശങ്ങളിൽ ഒറ്റപ്പെട്ടുകിടക്കുന്ന ആദിവാസി മേഖലകളിലും പിന്നാക്ക മേഖലകളിലും മൾട്ടി ലേണിംഗ് സെന്ററുകൾ (എം.ജി.എൽ.സി.) പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.